**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1333** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>പാറശ്ശാല മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി ബസ് സർവീസുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** 2019 ജനുവരി 1 മുതൽ നാളിതുവരെ പാറശ്ശാല നിയോജക മണ്ഡലത്തിൽ സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകളിൽ എത്രയെണ്ണം നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഡിപ്പോ, റൂട്ട്, സർവ്വീസ് എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** പാറശ്ശാല നിയോജക മണ്ഡലത്തിലുള്ള പാറശ്ശാല, വെള്ളറട യൂണിറ്റുകളിൽ നിന്നും സർവീസുകൾ പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. എന്നാൽ യാത്രക്കാരുടെ ആവശ്യകതയും വരുമാനലഭ്യതയും കണക്കിലെടുത്ത് ചില സർവീസുകൾ കൂടുതൽ യാത്രക്കാരുടെ തിരക്കിനനുസരിച്ച് പുനഃക്രമീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

<u>വെള്ളറട</u>

വെള്ളറട യൂണിറ്റിൽ നിന്നുള്ള ഈരാറ്റുപേട്ട സർവീസ് പാലാ ഫാസ്റ്റ് പാസഞ്ചർ സർവീസ് ആയി പുനഃക്രമീകരിച്ചിട്ടുണ്ട്.

<u>പാറശ്ശാല</u>

എ) പാറശ്ശാല യൂണിറ്റിൽ നിന്നുള്ള കരുനാഗപ്പള്ളി സർവീസ് കളിയിക്കാവിള-കൊല്ലം-കായംകുളം വരെ ആക്കി പുനഃക്രമീകരിച്ചിട്ടുണ്ട്.

ബി) കളിയിക്കാവിള–മൂവോട്ടുകോണം–തിരുവനന്തപുരം സർവീസ് കളിയിക്കാവിള-ധനുവച്ചപുരം-തിരുവനന്തപുരം ആയി പുനഃക്രമീകരിച്ചിട്ടുണ്ട്.

<u>നെയ്യാറ്റിൻകര</u>

നെയ്യാറ്റിൻകര - പൂഴനാട്, അമ്പൂരി, മൈലംപൊറ്റ, പ്ലാംപ്പഴഞ്ഞി, മഞ്ചംകോട് എന്നീ മേഖലകളിലേയ്ക്കുള്ള സർവീസുകൾക്ക് യാത്രക്കാരുടെ ലഭ്യത വളരെയധികം കുറവായതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ യൂണിറ്റ്തലങ്ങളിൽ സ്വീകരിച്ച് വരുന്നുണ്ട്.

**(ബി)** പ്രസ്തുത കാലയളവിൽ നിർത്തലാക്കിയ സർവീസുകളിൽ എത്രയെണ്ണം പുനരാരംഭിച്ചിട്ടുണ്ടെന്നും എത്ര സർവീസുകൾ ഇനിയും പുനരാരംഭിക്കാനുണ്ടെന്നും ഡിപ്പോ, റൂട്ട് എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; പുനരാരംഭിക്കാൻ ശേഷിക്കുന്ന സർവീസുകളുടെ കാര്യത്തിൽ

സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** സർവീസുകൾ നിർത്തലാക്കിയതുമൂലം പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് നേരിടേണ്ടി വരുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ റൂട്ടുകളിൽ സർവീസുകൾ പുനഃസ്ഥാപിക്കുന്നതിനുമായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

**മറുപടി:** പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും മുൻകാലങ്ങളിൽ നടത്തിവന്നിരുന്ന സർവീസുകൾ സ്ഥിരമായി റദ്ദ് ചെയ്തിട്ടില്ലാത്തതിനാൽ രൂക്ഷമായ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ സർവീസുകൾ ക്രമീകരിക്കുന്നതിന് സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

കൂടാതെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി പുനരാരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ യൂണിറ്റുതലത്തിൽ സ്വീകരിച്ച് വരുന്നു.

**(ഡി)** 2019 ജനുവരി 1 മുതൽ നാളിതുവരെ വെള്ളറട, പാറശ്ശാല, കാട്ടാക്കട, നെയ്യാറ്റിൻകര എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്ന് സർവീസ് നടത്തിയിരുന്ന അന്തർസംസ്ഥാന ബസ് സർവീസുകളിൽ എത്രയെണ്ണം നിർത്തലാക്കിയിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പുനരാരംഭിച്ചിട്ടുണ്ടെന്നും എത്ര സർവീസുകൾ ഇനിയും പുനരാരംഭിക്കാനുണ്ടെന്നും ഡിപ്പോ, റൂട്ട് എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; നിർത്തലാക്കിയ അന്തർസംസ്ഥാന സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

**മറുപടി:** വെള്ളറട, പാറശ്ശാല, കാട്ടാക്കട, നെയ്യാറ്റിൻകര എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നുള്ള അന്തർസംസ്ഥാന ബസ് സർവീസുകൾ നിർത്തലാക്കിയിട്ടില്ല. എന്നാൽ പാറശ്ശാല യൂണിറ്റിലെ തെങ്കാശി സർവീസ് യാത്രാവശ്യം പരിഗണിച്ച് തിരുവനന്തപുരം - തെങ്കാശി സർവീസ് ആയി പുനഃക്രമീകരിച്ചിട്ടുണ്ട്. കൂടാതെ നെയ്യാറ്റിൻകര - പേച്ചിപ്പാറ, തേങ്ങാപ്പട്ടണം എന്നീ സർവീസുകൾ തിരുവനന്തപുരം - പാറശ്ശാല - നാഗർകോവിൽ സർവീസ് ആയി പുനഃക്രമീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**